# നെല്ലനാട് കുടുംബശ്രീ  സി ഡി .എസ്

തിരുവനതപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിൽ  നെല്ലനാട് പഞ്ചായത്തിൽ 2000 ഇത് ശ്രീമതിഉഷാകുമാരിയുടെ ചുമതലയിൽ ആണ് കുടുമശ്രീ രൂപീകരിച്ചത് നിലവിലെ ചെയർപേഴ്സൺ ശ്രീമതി സുജാസുരേഷ് കഴിഞ്ഞ അഞ്ചര വർഷക്കാലമായി വർഷക്കാലമായി തുടരുന്നു.എല്ലാപ്രവർത്തനങ്ങളിലും കുടുംബശ്രീ അംഗങ്ങൾ സജീവമായി പങ്കെടുക്കുന്നു  .

കമ്മ്യൂണിറ്റി കിച്ചണിൽ പഞ്ചായത്തു പ്രധിനിധികളോടൊപ്പം സജീവമായി കുടുംബശ്രീ പ്രവർത്തകർപ്രവർത്തിച്ചു. സിഡ്സിന്റെ ഭാഗത്തു നിന്ന് ആവശ്യമായ സഹായങ്ങൾ അവിടേക്കു എത്തിച്ചു നല്കുകയുംചെയ്തു. കുടുംബശ്രീ അംഗങ്ങളും ജെ എൽ ജി യൂണിറ്റ് അംഗങ്ങളും ആവശ്യമായ പച്ചക്കറികൾ കമ്മ്യൂണിറ്റി കിച്ചണിലേക്ക് എത്തിച്ചു നൽകി. നിരീഷണത്തിൽ  കഴിയുന്ന ആളുകൾക്ക് ആഹാരം ഭക്ഷണം എന്നിവക്ക് ബുദ്ധിമുട്ടു ഉണ്ടോ എന്ന എ ഡി എസ് അംഗങ്ങളെ കൊണ്ട് അന്വേഷിച്ചു .അവശ്യ സാധനങ്ങൾ എത്തിച്ചു നൽകി.

കലാകൗമുദി

puram, Kollam, Mumbai  തിരുവനന്തപുരം ■12 പേജ് ■ ₹ 6.50 Invitation Price



പ്രസിഡന്റ് സുജിത്.എസ്.കുറുപ്പ് പാചകം ചെയ്തുകൊണ്ട് നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ സമൂഹ അടുക്കളയ്ക്ക് തുടക്കം കുറിക്കുന്നു

# നെല്ലനാട്ടിൽ ഇനി ആരും വിശന്നിരിക്കണ്ട അന്നമൂട്ടാൻ സ്നേഹക്കലവറ തുറന്നു

വെഞ്ഞാറമൂട്: നെല്ലനാട് ഗ്രാമപഞ്ചായത്തിൽ ഇനി ആരും വിശന്നിരിക്കണ്ട. വിശക്കുന്ന വയറുകൾക്കായി സ്നേഹക്കലവറ തുറന്നു. ലോക്ക്ഡൗൺ മൂലം ഭക്ഷണത്തിനും കുടിവെള്ളത്തിനും കഷ്ടപ്പെടുന്നവർക്കായി നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ സമൂഹ അടുക്കള ആരംഭിച്ചു. കീഴായിക്കോണം സ്മിത ഓഡിറ്റോറിയത്തിലാണ് സമൂഹ പാചകപ്പുര ആരംഭിച്ചത്. പ്രതിദിനം 400ലധികം പേർക്കുള്ള ഭക്ഷണമാണ് ഇവിടെ ഒരുക്കുന്നത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുജിത് .എസ്. കുറുപ്പ്, വൈസ് പ്രസിഡന്റ് ബിന്ദു അരുൺകുമാർ, സെക്രട്ടറി അഷറഫ്, അസി. സെക്രട്ടറി സജുകുമാർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

കുടുംബശ്രീ പ്രവർത്തകർക്കാണ് പാചകച്ചുമതല. പഞ്ചായത്തിനു കീഴിലെ മുഴുവൻ കുടുംബശ്രീ പ്രവർത്തകരെയും ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പച്ചക്കറി ഉൾപ്പെടെയുള്ള സാധനങ്ങളും പഞ്ചായത്ത് തന്നെ ശേഖരിച്ച് നൽകും.

ആവശ്യക്കാർക്ക് വാഹനത്തിൽ അതത് സ്ഥലത്ത് ഭക്ഷണമെത്തിക്കും. ഓരോ വാർഡിലും സന്നദ്ധപ്രവർത്തനത്തിനായി സേന രൂപീകരിച്ച് 10 അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സേനാംഗങ്ങൾ ഭക്ഷണം ആവശ്യക്കാരുടെ വീടുകളിലെത്തിക്കും. കർശന സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചാണ് ഓരോ വീട്ടിലേക്കും പ്രവർത്തകർ എത്തുക. ആവശ്യക്കാരുടെ എണ്ണത്തിനനുസരിച്ച് ഭക്ഷണം പാചകം ചെയ്യാനുള്ള സൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്.

ഭക്ഷണം ആവശ്യമുള്ളവർ 9496040702, 9496040703, 9567454762 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.



സി.എച് എം എൽ എസ് ലോണിനായി വന്ന അപേക്ഷ യിൽ നിന്ന് അർഹതയുള്ള 106 അപേക്ഷകൾ ബാങ്കിൽ നൽകി. നാളിതുവരെ 28 അയൽക്കൂട്ടങ്ങൾക്കു ലോൺ കിട്ടി

വയോജന സർവ്വേക്കായി ഒരു ആർ പി യെ എടുക്കുകയും അഗതിരഹിത കേരളം ലിസ്റ്റിൽ ഉൾപ്പെട്ട 60 വയസിനു മുകളിൽ ഉള്ളവരെ വിളിക്കുകയും അവരുടെ ബുദ്ധിമുട്ടുകൾ ചോദിച്ചു മനസിലാക്കി.ആഹാരം മരുന്ന് എന്നിവക്ക് ബുദ്ധിമുട്ടനുഭവപെട്ടവർക്കു അത് എത്തിച്ചു നൽകി. വയോജനങ്ങൾക്കായി കൗൺസിലിങ് നൽകി.ബാലസഭാ കുട്ടികൾക്കായി ചിത്രരചനാമത്സരങ്ങൾ സംഘടിപ്പിച്ചു.അത് വാട്ട്സ്ആപ് ഗ്രൂപ്പ് തുടങ്ങി അതിലേക്ക് അയച്ചുതരാണ് നിർദ്ദേശം കൊടുത്തു

കതിർ ബഡ്സ് സ്കൂളിലെ കുട്ടികളുടെ വീടുകളിൽ സി ഡി എസ് മെമ്പർ മാർ മുഖാന്തരം വിളിച്ചു വിവരങ്ങൾ അന്വേഷിച്ചു.

ഭിന്നശേഷിയുള്ള ഒരു കുട്ടിയുടെ വീട്ടിലേക്കു ആവശ്യമുള്ള സഹായങ്ങൾ എത്തിച്ചു നൽകി

.




എ ഡി എസ്സ് സിഡ്സ് അയൽക്കൂട്ട തലങ്ങളിൽ വാട്ട്സ്ആപ് ഗ്രൂപ്പ് രൂപീകരിച്ചു അതിലേക്കു വേണ്ട നിർദ്ദേശങ്ങൾ നൽകി .കൂടാതെ അയൽക്കൂട്ട അംഗങ്ങളുടെ സർഗ്ഗവാസനകൾ എഴുതി അയച്ചുതരാണ് ഉള്ള നിർദ്ദേശവും നൽകി.

മാസ്ക് നിർമ്മിച്ച് നൽകുന്ന കാര്യത്തിൽ കുടുംബശ്രീ യൂണിറ്റുകൾ മികവ് പുലർത്തി .

ബട്ടർഫ്ളൈ യൂണിറ്റ് മാസ്ക് നിർമ്മാണം



കുടുംബശ്രീ അംഗങ്ങൾക്ക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കുടുംബശ്രീ വഴി നൽകി .

കോവിട് കാലത്തു കുടുംബശ്രീ ഭാവി പ്രവർത്തനങ്ങളിൽ സജീവമായി ബോധവൽക്കരണപ്രവർത്തനങ്ങളിലും മാസ്ക് നിർമ്മാണത്തിലും തുടർന്നും നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കും.

ചെയർപേഴ്സൺ :സുജ സുരേഷ്

ഫോൺ :8129946939

ബ്ലോക്ക് കോ-ഓർഡിനേറ്റർ :അനില .എൻ .എസ്

സ്കിൽ &എസ് .ഡി

ഫോൺ :8281318708